## കേരള സർക്കാർ

### സംഗ്രഹം

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്—നവ കേരള ദൗത്യത്തിലെ നാല് മിഷനുകളെ സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ—ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

### ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്

**സ. ഉ. (പി) നമ്പർ 49/2016/ആ.സാ.വ.**

**തിരുവനന്തപുരം, 2016 നവംബർ 4.**

---

**പരാമർശം:—സ. ഉ. (പി) നമ്പർ 41/2016/ആ.സാ.വ. തീയതി 28-9-2016.**

### ഉത്തരവ്

പരാമർശിത ഉത്തരവ് പ്രകാരം കേരളത്തിന്റെ സമഗ്ര വികസനത്തിനു വേണ്ടി താഴെപ്പറയുന്ന നാല് ബൃഹത്തായ പദ്ധതികൾ അഞ്ചുവർഷംകൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവായിരുന്നു:

I. സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി

II. ജന സൗഹൃദ സർക്കാർ ആശുപത്രികൾ

III. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി

IV. ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി.

2. നവ കേരള ദൗത്യത്തിലെ മേൽപ്പറഞ്ഞ നാല് മിഷനുകളെ സംബന്ധിച്ച് താഴെപ്പറയുന്ന പൊതു തീരുമാനങ്ങൾ കൈക്കൊണ്ട് ഉത്തരവാകുന്നു:

(1) നവ കേരള ദൗത്യത്തിലെ നാല് മിഷനുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനുള്ള ചുമതല മിഷന്റെ എംപവേഡ് കമ്മിറ്റിക്കായിരിക്കും.

GCPT. 3/3643/2016/S-2.

(2) മിഷനുകളുടെ ഈ വർഷത്തെ വാർഷിക പദ്ധതിക്ക് എംപവേഡ് കമ്മിറ്റി അന്തിമരൂപം നൽകേണ്ടതാണ്. ഈ വർഷത്തെ പദ്ധതിയുടെ നടത്തിപ്പിന് അധികവിഭവം ആവശ്യമുണ്ടെങ്കിൽ അതിന് എംപവേഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനകാര്യ വകുപ്പിന്റെ അനുമതി തേടേണ്ടതാണ്.

(3) മിഷനുകളുടെ സുഗമമായ നടത്തിപ്പിന് അത്യാവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതിന് എംപവേഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനകാര്യ വകുപ്പിന്റെ അനുമതി തേടേണ്ടതാണ്.

(4) മിഷന്റെ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി ബന്ധിപ്പിക്കുന്നതിന് എംപവേഡ് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനം കൈക്കൊണ്ട് നടപടി സ്വീകരിക്കേണ്ടതാണ്.

(5) ഒന്നാംവർഷം ഒഴിച്ചുള്ള തുടർ വർഷങ്ങളിലെ മിഷനുകളുടെ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എംപവേഡ് കമ്മിറ്റി അംഗീകരിച്ച് പ്ലാനിംഗ് ബോർഡിന് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്.

(6) മിഷനുകളുടെ അടുത്ത വർഷത്തേക്കുള്ള പ്രവർത്തനങ്ങൾക്കായുള്ള നിർദ്ദേശങ്ങൾ 2017-2018-ലെ വാർഷിക പദ്ധതി രേഖയിൽ ഉൾക്കൊള്ളിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. എസ്. സെന്തിൽ,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും.

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ ഓഫീസർമാർക്കും.

നിയമസഭാ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

എല്ലാ വകുപ്പ് മേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

പൊതുഭരണ (എസ്.സി.) വകുപ്പിന്.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

<u>പകർപ്പ്:--</u>

മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

എല്ലാ സെക്രട്ടറിമാരുടെയും പി.എ.-മാർക്ക്.

അഡീഷണൽ സെക്രട്ടറിയുടെ സി.എ.-ക്ക് (പ്ലാനിംഗ്).

<u>കീഴെഴുത്ത് നമ്പർ എ5/32605/2015 തീയതി 01/12/2016</u>

| | |
|---|---|
| എല്ലാ സ്ഥാപനമേധാവികൾക്കും<br>ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ ഹെഡുകൾക്കും | അറിവിനും തുടർ നടപടികൾക്കുമായി |

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി.